# കോർപ്പറേറ്റുകൾക്കെതിരെ പദയാത്ര

പ്രകൃതിവിഭവങ്ങൾ സമ്പന്നമാണ് ഒറീസാ സംസ്ഥാനം. അതുകൊണ്ടുതന്നെ വിഭവങ്ങളിൽ കണ്ണും നട്ട് കോർപ്പറേറ്റുകൾ ഒറീസയ്ക്കുമുകളിൽ വട്ടമിട്ട് പറക്കുകയാണ്. ഇരുമ്പയിരും, ബോക്സൈറ്റ് നിക്ഷേപവും, ജലലഭ്യതയും, കാർഷിക സമ്പന്നതയും, സമുദ്രവിഭവങ്ങളും തേടി ഒറീസയിലെത്തുന്ന കോർപ്പറേറ്റുകൾക്ക് തടസ്സമായി നിൽക്കുന്നത് അവിടെയുള്ള തദ്ദേശീയ ജനവിഭാഗങ്ങളാണ്. കൊള്ളയടിക്കപ്പെടുന്നത് അവരുടെ ഉപജീവനമാർഗ്ഗങ്ങൾ കൂടിയായതിനാൽ ശക്തമായ ചെറുത്തുനില്പുകൾ പലഭാഗത്തുനിന്നും ഉയർന്നുവന്നിട്ടുണ്ട്.

അടിസ്ഥാന ജീവനാവകാശങ്ങൾ നിഷേധിക്കുന്ന കോർപ്പറേറ്റ് – ഭരണകൂട കൂട്ടുകെട്ടിനെതിരെ ഒറീസയിൽ പലയിടങ്ങളിലും ശക്തമായ ജനകീയ സമരങ്ങൾ നടക്കുന്നു. ദക്ഷിണകൊറിയൻ സംരംഭമായ പോസ്കോയ്ക്കെതിരെയും ഇന്ത്യൻ കമ്പനിയായ വേദാന്ദയ്ക്കെതിരെയുമാണ് ദേശീയ ശ്രദ്ധ നേടിയ ജനകീയ ചെറുത്തുനിൽപ്പ് ഉയർന്നിട്ടുള്ളത്. പക്ഷെ യു.പി.എ യുടെ ഒത്തൊരുമയോടെ സംസ്ഥാനസർക്കാർ സമരങ്ങളെ അടിച്ചമർത്താനുള്ള എല്ലാ ആയുധങ്ങളും പുറത്തെടുത്തിരിക്കുന്നു.

പോസ്കോയുടെ പദ്ധതി വരുന്നിടത്ത് സ്വന്തം ഭൂമിയിൽ നിന്നും നിഷ്കാസനം ചെയ്യപ്പെടുന്നവരുടെ ശബ്ദത്തെ പ്രതിരോധിക്കാൻ തോക്കുകൾ തയ്യാറായിക്കഴിഞ്ഞു. റിപ്പബ്ലിക് ദിനത്തിൽ ഇന്ത്യയുടെ അതിഥിയായെത്തുന്ന സൗത്ത് കൊറിയൻ പ്രസിഡന്റിനെ പോസ്കോയുടെ പ്രസ്തുത പ്ലാന്റ് വരുന്ന സ്ഥലത്തേക്ക് കൊണ്ടുവരാൻ സർക്കാർ ഒരുങ്ങുകയാണ്. തങ്ങളുടെ പൈതൃക സമ്പത്ത് സംരക്ഷിക്കാനായി അവിടെ സമരം ചെയ്യുന്ന ജനങ്ങൾക്ക് നേരെയുള്ള ഒരു തുറന്ന വെല്ലുവിളിയാണ് ഈ സർക്കാർ നീക്കം. ജനകീയ സമരത്തിന് നേതൃത്വം നൽകുന്ന പോസ്കോ പ്രതിരോധ സംഘം സമിതി (PPSS) ജനകീയ സമരത്തെ തച്ചുടയ്ക്കാനുള്ള സർക്കാരിന്റെ ശ്രമത്തിനെതിരെ ജനാധിപത്യ രീതിയിലുള്ള പ്രക്ഷോഭങ്ങൾ ശക്തമാക്കാൻ തീരുമാനിച്ചിരിക്കുന്നു. അതിന്റെ ഭാഗമായി നവംബർ 29 മുതൽ ഡിസംബർ 5 വരെ ഒറീസയുടെ തീരദേശത്തുകൂടി ഒരു ജനകീയ റാലി നടത്താൻ പോസ്കോ സമരസമിതി ഒരുങ്ങുന്നു. പുരിയിലെ പാരദ്വീപിൽ നിന്നാരംഭിക്കുന്ന റാലി 120 ഗ്രാമങ്ങളിലൂടെ കടന്ന് പോകുന്നു.

## പദയാത്ര മുന്നോട്ട് വെയ്ക്കുന്ന ആവശ്യങ്ങൾ

തീരദേശമേഖല നശിപ്പിക്കുന്ന എല്ലാ വൻകിട പദ്ധതികളും ഉപേക്ഷിക്കുക.
ജനവിരുദ്ധമായ കുടിയൊഴിപ്പിക്കൽ അവസാനിപ്പിക്കുക.
കൃഷിയെയും ഭക്ഷ്യസുരക്ഷയേയും നശിപ്പിച്ചുകൊണ്ടുള്ള വ്യവസായവത്കരണം നിർത്തുക.
കോർപ്പറേറ്റ് സൗഹൃദ ഖനി വ്യവസായങ്ങൾക്ക് പകരം ജനസൗഹൃദപരമായ കാർഷിക വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക.
വനം, ജലം, ഭൂമി, പരിസ്ഥിതി എന്നിവയും തദ്ദേശീയരുടെ ഉപജീവനമാർഗ്ഗങ്ങളും സംരക്ഷിക്കുക.
പ്രത്യേക സാമ്പത്തിക മേഖലകൾക്ക് അനുവാദം നൽകാതിരിക്കുക.
കോർപ്പറേറ്റ് കുറ്റകൃത്യങ്ങൾ തടയുക.
ജനാധിപത്യപരമായ ജനകീയ സമരങ്ങളേയും മനുഷ്യാവകാശ പ്രവർത്തകരെയും അടിച്ചമർത്താനുള്ള ശ്രമങ്ങൾ അവസാനിപ്പിക്കുക.
സമുദ്രത്തിൽ നിന്നും ഒരു കിലോമീറ്റർ പരിധിക്കുള്ളിൽ വരുന്ന തീരം പൂർണ്ണമായും സംരക്ഷിക്കുക.
പ്രകൃതിവിഭവങ്ങൾ സ്വകാര്യ കമ്പനികൾക്ക് യഥേഷ്ടം കൈകാര്യം ചെയ്യാനുള്ള അവസരം നൽകാതിരിക്കുക.
ജനകേന്ദ്രീകൃതമായ നാശോന്മുഖമല്ലാത്ത വികസന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക.

# പ്രത്യേക സാമ്പത്തികമേഖലകൾക്കെതിരെ ജനകീയ റിപ്പോർട്ട്

2005ൽ യു.പി.എ സർക്കാരിന്റെ SE2 ആക്ട് നിലവിൽ വന്നതിനുശേഷം ഇന്ത്യയുടെ പല ഭാഗങ്ങളിൽ നിരവധി പ്രത്യേക സാമ്പത്തിക മേഖലകൾ ഉയർന്നുവന്നു. വ്യാവസായി വികസനത്തിന്റേയും സാമ്പത്തിക പുരോഗതിയുടെയും പേരിലാണ് ആരംഭിച്ചതെങ്കിലും സെസുകളെല്ലാം പ്രാദേശിക പൊതുവിഭവങ്ങളെ കോർപ്പറേറ്റ് താൽപര്യങ്ങൾക്കും കമ്പോള വിപണിക്കുമായി കൊള്ളയടിക്കുന്ന സ്ഥാപനങ്ങളായി മാറിക്കഴിഞ്ഞു. പല സംസ്ഥാനങ്ങളിലും സെസുകൾക്കെതിരെ ജനകീയ പ്രക്ഷോഭങ്ങൾ ഉയർന്നുവന്നു. സർക്കാറുകൾ ജനകീയ പ്രശ്നങ്ങളെ ചർച്ചയ്ക്കെടുക്കുന്നതിനു പകരം പലയിടത്തും സ്റ്റേറ്റ് മിഷനറികൊണ്ട് അടിച്ചമർത്തുകയായിരുന്നു.

നന്ദിഗ്രാം (സലാം ഗ്രൂപ്പ്), കാക്കിനാട (ജി.എം.ആർ ഗ്രൂപ്പ്), കലാംനഗർ (ജിൻസാൽ ഗ്രൂപ്പ്), ജഗത്സിംഗപ്പൂർ (പോസ്കോ) എല്ലാം ചില ഒറ്റപ്പെട്ട ഉദാഹരണങ്ങൾ മാത്രം.

തുടർന്ന് നാളുകളായി സെസുകൾ സൃഷ്ടിക്കുന്ന സാമൂഹിക പ്രശ്നങ്ങളെ പ്രതിരോധിക്കുന്ന സമരസമിതികളും ആക്ടിവിസ്റ്റുകളും ചേർന്ന് പ്രത്യേക സാമ്പത്തിക മേഖലകളെക്കുറിച്ച് ഒരു ജനകീയ റിപ്പോർട്ട് പുറത്തിറക്കി. നിരവധി ചർച്ചകളിലൂടെ രൂപപ്പെട്ട ഈ റിപ്പോർട്ട് ജനങ്ങൾക്കും പരിസ്ഥിതിക്കും രാഷ്ട്രീയ പരമാധികാരത്തിനും നേരെ പ്രത്യേക സാമ്പത്തിക മേഖലകൾ ഉയർത്തുന്ന വെല്ലുവിളികൾ അവസാനിപ്പിക്കുന്ന തരത്തിൽ സെസ് നയവും നിയമവും പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെടുന്നു.

വിശദവിവരങ്ങൾക്ക് :
റിപ്പോർട്ട് ലഭിക്കുന്നതിന് കേരളീയവുമായി ബന്ധപ്പെടുക.